ലുള്ള ഭരണഘടനയോടുള്ള അപകടകരമായ നിലപാടാണിത് എന്നു മനസ്സിലാക്കിക്കൊണ്ട് കേരളത്തിലെ മുഴുവൻ ആളുകളും കക്ഷി രാഷ്ട്രീയത്തിനതീതമായി കേന്ദ്രത്തോടുള്ള പ്രതിഷേധമുയർത്തി കൊണ്ടുവരണം. നാളെ പതിനൊന്നു മണിക്ക് കേരളത്തിലെ എല്ലാ യുവജനസംഘടനകളേയും വിളിച്ചിട്ടുണ്ട്. അങ്ങനെ ഇതിന്റെ ശക്തമായ പ്രതിഷേധം കേന്ദ്രത്തെ അറിയിക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(4) കെ.എൽ.ഡി. ആന്റ് എം.എം. ബോർഡിലെ ഐ.എൻ.ടി.യു.സി. തൊഴിലാളികളുടെ പണിമുടക്ക്

<u>ശ്രീ. ഇ.എം. അഗസ്തി</u> : സർ, കേരളത്തിലെ ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിലെ ഐ.എൻ.ടി.യു.സി. തൊഴിലാളികൾ ഇപ്പോൾ സമരത്തിലാണ്. അവർ ഉന്നയിച്ചിരിക്കുന്ന പ്രധാന പ്രശ്നം കെ.എൽ.ഡി. ബോർഡിലെ പ്രധാന യൂണിയനായ ഐ.എൻ.ടി.യു.സി. യൂണിയന് ഇതുവരെ അംഗീകാരം നൽകിയിട്ടില്ലയെന്നുള്ളതാണ്. ഈ യൂണിയനെ അംഗീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ബോർഡിന് നിർദ്ദേശം നൽകണമെന്ന് താല്പര്യപ്പെടുന്നു. അതുപോലെ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നിയോജകമണ്ഡലമായ പീരുമേട്ടിൽ ഒരു ഡയറി സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ നടന്നുവരികയാണ്. കെ.എൽ.ഡി. ബോർഡിലെ കോലാഹലമേട്ടിലെ യൂണിറ്റ് ഏറ്റെടുത്ത് ഡയറി സയൻസ് കോളേജായി പ്രവർത്തനം ആരംഭിക്കുമെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഈ യൂണിറ്റ് ഏറ്റെടുക്കുമ്പോൾ കോലാഹലമേട്ടിൽ കെ.എൽ.ഡി. ബോർഡിന്റെ കീഴിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ചുള്ള ആശങ്ക അവരിൽ നിലനിൽക്കുകയാണ്. ഈ ഡയറി സയൻസ് കോളേജ് ആരംഭിക്കുന്നതോടൊപ്പം കെ.എൽ.ഡി. ബോർഡിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾക്ക് സുരക്ഷിതത്വമുറപ്പു വരുത്തുന്നതിന് കെ.എൽ.ഡി. ബോർഡിന്റെ ഒരു യോഗം വിളിച്ചുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി <u>(ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ)</u> : സർ, കെ.എൽ.ഡി. ബോർഡ് വർക്കേഴ്സ് ഫെഡറേഷൻ എന്ന സംഘടനയ്ക്ക് അംഗീകാരം നൽകണമെന്നാണ് ഒന്നാമത്തെ ആവശ്യം. ഈ ആവശ്യം നിലനിൽക്കത്തക്കതല്ല എന്ന് 19.8.98-ലും 25.8.98-ലും ഹൈക്കോടതി വിധിക്കുകയുണ്ടായി. മാത്രമല്ല, ഐ.എൻ.ടി.യു.സി. യുടെ തന്നെ മറ്റൊരു അംഗീകൃത സംഘടന നിലവിലുണ്ട്. അതിന്റെ പേര് കെ.എൽ.ഡി. ആന്റ് എം.എം. ബോർഡ് എംപ്ലോയീസ് ഓർഗനൈസേഷൻ എന്നാണ്. റഫറണ്ടം ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജി ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഒ.പി. നമ്പർ 14478/88 ആണ്. അതുകൊണ്ട് അക്കാര്യത്തിൽ ഗവണ്മെന്റിന് ഒന്നും ചെയ്യാൻ സാധിക്കുകയില്ല. മറ്റൊരാവശ്യം ഡയറി സയൻസ് കോളേജ് തുടങ്ങുന്നതിനെ സംബന്ധിച്ചാണ്. അങ്ങനെ ഡയറി സയൻസ് കോളേജ് തുടങ്ങുമ്പോൾ കെ.എൽ.ഡി. ബോർഡിലെ ഇപ്പോഴുള്ള എംപ്ലോയീസിനെ പ്രൊട്ടക്ടു ചെയ്തുകൊണ്ടു മാത്രമേ നടപടി സ്വീകരിക്കുകയുള്ളൂ. ബഹുമാനപ്പെട്ട അഗസ്തി സൂചിപ്പിച്ചതുപോലെ കെ.എൽ.ഡി. ബോർഡിലെ എംപ്ലോയീസ് സംഘടനകളെ വിളിച്ചുകൂട്ടി ഇക്കാര്യത്തിൽ കൺവീൻസ് ചെയ്തുകൊണ്ട് കാര്യങ്ങൾ ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly